**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 5101** **06.02.2014-ൽ മറുപടിക്ക്.**

# നഗരങ്ങളിൽ പൂർണ്ണമായും ശാക്തീകരിച്ച കമ്മീഷണറേറ്റ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പാലോട് രവി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) നഗരങ്ങളിൽ പൂർണ്ണമായും ശാക്തീകരിച്ച കമ്മീഷണറേറ്റ് സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) 29.01.2013 ലെ ജി.ഒ (എം.എസ്) 29/2013/ആഭ്യന്തരം പ്രകാരം തിരുവനന്തപുരം, കൊച്ചി സിറ്റികളിൽ കമ്മീഷണറേറ്റ് സമ്പ്രദായം ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) നഗരങ്ങളിലെ ക്രമസമാധാന പാലനം കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് കമ്മീഷണറേറ്റ് സമ്പ്രദായം നടപ്പിലാക്കുന്നത്. |
| സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ മെഗാ-സിറ്റി പോലീസിംഗിന്റെ ഭാഗമായി കമ്മീഷണറേറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനായി 500 കോടി രൂപ വർഷംതോറും നീക്കി വെച്ചിട്ടുണ്ട്. |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | ഡി) തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ കമ്മീഷണറേറ്റ് സമ്പ്രദായം ആരംഭിയ്ക്കുന്നതിനായി പ്രസ്തുത നഗരങ്ങളെ മെട്രോപൊളിറ്റൻ പ്രദേശമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച നടപടി ക്രമങ്ങൾ സർക്കാർ തലത്തിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ